പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6749 04.04.2018ൽ മറുപടിയ്ക്ക്

**കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ. രാജൻ<br>ശ്രീമതി സി.കെ. ആശ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി സാക്ഷരതാ - തുല്യതാ പരിപാടികളും, സാമൂഹ്യസാക്ഷരതാ പരിപാടികളും നടത്തി വരുന്നു. പദ്ധതികളുടെ പ്രതിമാസ അവലോകനം ബ്ലോക്ക് തലത്തിലും, ജില്ലാ തലത്തിലും വിലയിരുത്തി വരുന്നു. രണ്ട് മാസത്തിലൊരിക്കൽ സംസ്ഥാന തലത്തിൽ ജില്ലാ കോർഡിനേറ്റർമാരുടെ അവലോകനയോഗം ചേർന്ന് പ്രവർത്തങ്ങൾ വിലയിരുത്തുന്നുണ്ട്. വിദ്യാഭ്യാസമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. |
| (ബി) | സാക്ഷരതാ മിഷന്റെ സാക്ഷരതാ തുല്യത പദ്ധതികൾ വിശദമാക്കുമോ; | (ബി) | അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ സാക്ഷരതാ - തുല്യതാ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നാല്, ഏഴ്, പത്ത് ഹയർസെക്കൻഡറി തുല്യതാ കോഴ്സുകളിലൂടെ തുടർപഠനത്തിന് അവസരം നല്കി വരികയാണ് |
| (സി) | പ്രസ്തുത മിഷൻ ഇതര സംസ്ഥാനതൊഴിലാളികൾക്കായി ചങ്ങാതി എന്ന പേരിൽ സാക്ഷരതാപദ്ധതി തയ്യാറാക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | കേരളത്തിലുള്ള ഇതര സംസ്ഥാന തൊഴിലാളികളെ സാക്ഷരരാക്കുക എന്ന ലക്ഷ്യത്തോടെ മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് |

| | | |
|---|---|---|
| | | 'ചങ്ങാതി'. കേരളത്തിൽ ഏറ്റവും കൂടുതൽ ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ മാതൃകാ പ്രോജക്ട് നടപ്പിലാക്കി വരുന്നതോടൊപ്പം പഠിതാക്കൾക്ക് പ്രത്യേക പാഠപുസ്തകം തയ്യാറാക്കി നല്കിയിട്ടുമുണ്ട്. ഓരോ ജില്ലകളിൽ നിന്നും ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിൽ 'ചങ്ങാതി' പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | എല്ലാ ജില്ലകളിലേയും തെരഞ്ഞെടുത്ത ഒരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ